കേരള സർക്കാർ
മൃഗസംരക്ഷണവകുപ്പ്
ജില്ലാ മൃഗസംരക്ഷണഓഫീസ്
കളക്ട്രേറ്റ്.പി.ഒ. കോട്ടയം-2 - പിൻ - 686002

E-mail ID. dahoktm.ker@nic.in തീയതി, 24.05.2017 ഫോൺ നംപർ - 0481-2563726

## പ്രസിദ്ധീകരണത്തിന്

## മൃഗസംരക്ഷണവകുപ്പ് രാത്രികാല എമർജൻസി വെറ്ററിനറി സേവനം ഏർപ്പെടുത്തുന്നു.

2017 - 2018 സാമ്പത്തികവർഷത്തിൽ കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ ബ്ളോക്കിൽ രാത്രികാല അത്യാവശ്യ വെറ്ററിനറി സേവനം നൽകുന്നതിനായി കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വെറ്ററിനറി സയൻസ് ബിരുദധാരി കളെ ക്ഷണിക്കുന്നു. ഇവരുടെ അഭാവത്തിൽ സർവ്വിസിൽ നിന്നും വിരമിച്ച വെറ്ററിനറി ഡോക്ടർമാരെയും പരിഗണിക്കുന്നതാണ്. ഹാജരാകുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും ഇന്റർവ്യു നടത്തി തെരഞ്ഞെടുക്കപ്പെടുന്നവരെ 179 ദിവസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി നിയമിക്കുന്നതാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 വരെയാണ് എമർജൻസി സേവനം നൽകേണ്ടത്. താൽപര്യമുള്ളവർ ബയോഡാറ്റ, യോഗ്യതാസർട്ടിഫിക്കറ്റുകളുടെ ഒറിജിനലും പകർപ്പും സഹിതം മെയ് - 31-ാം തീയതി രാവിലെ 10.00.മണിയ്ക്ക് കോട്ടയം കളക്ട്രേറ്റിലുള്ള ജില്ലാ മൃഗസംരക്ഷണഓഫിസിൽ നടത്തുന്ന ഇന്റർവ്യൂവിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 05.00 മണിവരെ കോട്ടയം ജില്ലാ മൃഗസംരക്ഷണഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

( ഫോൺ - 04812-563726)

ജില്ലാ മൃഗസംരക്ഷണഓഫീസർ
കോട്ടയം